പോയകാല തെരഞ്ഞെടുപ്പ് ചർച്ചകളിലൊന്നും പശ്ചിമഘട്ട സംരക്ഷണം ഒരു സജീവവിഷയമായി നിറഞ്ഞുനിന്ന ചരിത്രം കേരളത്തിനുണ്ടാകില്ല. 16-ാം ലോകസഭാ തെരഞ്ഞെടുപ്പ് സ്ഥിതിഗതികൾ മാറ്റിയെഴുതി. പശ്ചിമഘട്ടം ഇലക്ഷൻ സംവാദങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. എന്നാൽ പശ്ചിമഘട്ടം സംരക്ഷിക്കപ്പെടണമെന്ന് വളരെ ഉപരിപ്ലവമായി പറയുകയും സാമ്പത്തിക ഭരണക്രമത്തെയും വികസന മൗലികവാദത്തെയും മുറുകെ പിടിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് നയമാണ് പ്രമുഖ രാഷ്ട്രീയപാർട്ടികൾ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതിനാൽത്തന്നെ വസ്തുതാപരമായ ഒരു നയസമീപനം ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഇവർ എടുത്തതുമില്ല. ആ സാഹചര്യത്തിൽ, പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് നമ്മുടെ സ്ഥാനാർത്ഥികൾ കൈക്കൊള്ളേണ്ട നിലപാടുകളെക്കുറിച്ച് അറിയുന്നതിനും ഓർമ്മിപ്പിക്കുന്നതിനുമായി ഒരു ചോദ്യാവലി കേരളീയം അവർക്ക് മുന്നിൽ വയ്ക്കുകയാണ്.

# സ്ഥാനാർത്ഥികളോടുള്ള ചോദ്യങ്ങൾ

**1.** കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങളിൽ നിന്നും കേരളത്തെ ഒരുപരിധിവരെയെങ്കിലും രക്ഷിക്കുന്നതിനും ജലസുരക്ഷ ഉറപ്പുവരുത്തുന്നതിനും പശ്ചിമഘട്ടം ഉൾപ്പെടെയുള്ള പ്രദേശത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപനം അനിവാര്യമാണെന്ന് താങ്കൾ കരുതുന്നുണ്ടോ?

**2.** സഹ്യപർവ്വത മലനിരകൾ മനുഷ്യന്റെ കാലാകാലങ്ങളായുള്ള ഇടപെടൽ മൂലം വലിയ തോതിൽ നശിപ്പിക്കപ്പെട്ടിട്ടുള്ളതായി താങ്കൾ കരുതുന്നുണ്ടോ?

**3.** സംസ്ഥാന നിയമസഭ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ആശങ്കകൾ പരിഹരിക്കണമെന്നാണ് ആവശ്യപ്പെട്ടത്, റിപ്പോർട്ട് തള്ളിക്കളയാനല്ല. സംസ്ഥാന സർക്കാർ കസ്തൂരിരംഗൻ സമിതിയുടെ ചോദ്യാവലിക്ക് നൽകിയ മറുപടിയിൽ ഗാഡ്ഗിൽ കമ്മിറ്റിയുടെ നിരവധി നിർദ്ദേശങ്ങൾ അംഗീകരിച്ചിരുന്നു. ആശങ്കകൾ പരിഹരിച്ച് ആ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് പകരം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളഞ്ഞത് ശരിയാണോ?

**4.** കസ്തൂരിരംഗൻ റിപ്പോർട്ടിന് മേൽ ഇറങ്ങിയിരിക്കുന്ന കരട് വിജ്ഞാപന പ്രകാരം കേരളത്തിൽ ഇ.എസ്.എ ആയി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ നിലവിലുള്ള സ്ഥിതിയിൽ നിന്നും ഗുണപരമായോ മറിച്ചോ ഒരു മാറ്റമുണ്ടാകുന്നില്ല. പിന്നെ എന്തിനാണ് ഈ പ്രദേശങ്ങൾ ഇ.എസ്.എ ആക്കുന്നത്?

**5.** ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്തെ എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെടണമെന്ന നിർദ്ദേശം അട്ടിമറിച്ചതിനോട് താങ്കൾ യോജിക്കുന്നുണ്ടോ?

**6.** താങ്കൾ ഗാഡ്ഗിൽ, കസ്തൂരിരംഗൻ സമിതി റിപ്പോർട്ടുകൾ പഠിച്ചിട്ടുണ്ടോ?

**7.** ഈ റിപ്പോർട്ടുകൾ അന്താരാഷ്ട്ര ഗൂഢാലോചനയുടെ ഭാഗമാണെന്ന വാദത്തോട് താങ്കൾ യോജിക്കുന്നുണ്ടോ? യോജിക്കുന്നെങ്കിൽ അതിനുള്ള തെളിവുകൾ താങ്കൾക്ക് ലഭ്യമായിട്ടുണ്ടോ? എങ്കിൽ ഇക്കാര്യത്തിൽ നിയമനടപടിക്ക് താങ്കൾ മുൻകൈയെടുക്കുമോ?

**8.** ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെ ഉയർന്നുവന്ന വ്യാപകമായ പ്രചരണങ്ങളെ ചെറുക്കാൻ താങ്കൾ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

**9.** മനുഷ്യവാസ മേഖലയിൽ പരിസ്ഥിതി സംരക്ഷണത്തിനുള്ള നിയന്ത്രണങ്ങളൊന്നും പാടില്ലെന്ന വാദത്തോട് താങ്കളുടെ നിലപാട് എന്താണ്?

**10.** വികസന പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യമുണ്ടാക്കാൻ പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ ഭേദഗതി ചെയ്യണമെന്ന് താങ്കൾ കരുതുന്നുണ്ടോ?

